**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: **1961** 25.03.2013 - ൽ മറുപടിയ്ക്ക്

## അനധികൃത വാഹനപരിശോധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ പന്നിയങ്കര യിൽ രണ്ടു പേരുടെ മരണത്തിനും തുടർന്നുണ്ടായ കലാപത്തിനും കാര ണമായ സംഭവം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) 09.03.2013 തീയതി 20.00 മണി മുതൽ പരിശോധനയുടെ ഭാഗമായി പന്നിയങ്കര എസ്.ഐ.യും പാർട്ടിയും മാങ്കാവ് ബൈപാസ് റോഡിൽ കുറ്റിയിൽപ്പടി എന്ന സ്ഥലത്ത് വാഹന പരിശോധന നടത്തിയിരുന്നു. തെക്കു വടക്കായി പോകുന്ന ടി റോഡിന്റെ കിഴക്കു ഭാഗത്തായി എസ്.ഐ വാഹന പരിശോധന നടത്തുകയും പോലീസ് വാഹനം പടിഞ്ഞാറ് വശത്തായി നിർത്തുകയും ചെയ്തു. രാത്രിയായതിനാൽ മാങ്കാവ് ഭാഗത്തുനിന്നും (വടക്ക് ഭാഗം) വരുന്ന കാറുകളെ ആയിരുന്നു പരിശോധന നടത്തിയിരുന്നത്. മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടെത്തുവാനായി പരിശോധനകൾ നടന്നു വരവെ ഏകദേശം 20.30 മണി സമയത്ത് മീഞ്ചന്ത ഭാഗത്തു നിന്നും (തെക്കുഭാഗം) വന്ന KL 15 7090 നമ്പർ K.S.R.T.C ബസ്സിനടിയിൽ അതേ ദിശയിൽ നിന്നും വന്ന ഒരു ബൈക്ക് കുടുങ്ങുകയും ബസിനടിയിൽപ്പെട്ട ബൈക്കുൾ- |

പ്പെടെ ബസ് കുറച്ചുദൂരം മുന്നോട്ടു പോവുകയും ബൈക്കിൽ യാത്ര ചെയ്തിരുന്ന 2 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഉടനെ സ്ഥലത്തുണ്ടായിരുന്ന എസ്.ഐ.യും പാർട്ടിയും നാട്ടുകാരും ചേർന്ന് 2 പേരേയും കോഴിക്കോട് മിംസ് ആശുപത്രിയിൽ എത്തിച്ചെങ്കിലും 2 പേരും മരണപ്പെട്ടു. എസ്.ഐ.യോ, പോലീസുകാരോ ടി ബൈക്കിനെ കൈ കാണിക്കുകയോ, പിന്തുടരുകയോ മറ്റോ ഉണ്ടായിട്ടില്ല. പോലീസിനെ കണ്ട ബൈക്ക് യാത്രക്കാർ പോലീസ് തങ്ങളുടെ വാഹനം പരിശോധിച്ചേക്കാം എന്ന സംശയത്താൽ രക്ഷപ്പെടാൻ ശ്രമിച്ചതിൽ എങ്ങനെയോ K.S.R.T.C ബസ്സിന്റെ ഇടതു വശത്തുകൂടി കയറിയതിൽ ഡ്രൈവർക്ക് കാണാൻ പറ്റാതെ ബൈക്കിൽ തട്ടി ബസിനടിയിൽ കുടുങ്ങിയാണ് അപകടം ഉണ്ടായത്.

(ബി) വാഹനപരിശോധന സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി (നമ്പർ.യു1/17273/2012 സർക്കുലർ നമ്പർ.6/12) 28.03.12 ന് ഇറക്കിയ സർക്കുലർ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ലഭിച്ചു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അത് അനുസരിച്ച് പ്രവർത്തിക്കാനുള്ള ബാധ്യത പോലീസ് ഉദ്യോഗസ്ഥർക്കുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) & (സി) ഉണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഈ ഉത്തരവ് വന്നതിനുശേഷം പോലീസിന്റെ ഒളിഞ്ഞിരുന്നുള്ള വാഹന പരിശോധനയിലൂടെ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടു എന്നും എത്ര അപകടങ്ങൾ ഉണ്ടായി എന്നും വ്യക്തമാക്കുമോ; | (ഡി) & (ഇ) | പോലീസ് ഒളിഞ്ഞിരുന്ന് വാഹന പരിശോധന നടത്തുന്നില്ല. ആയതിനാൽ ബാധകമല്ല. |
| (ഇ) | ഈ പരിശോധനകൾ സംസ്ഥാന പോലീസ് ചീഫിന്റെ ഉത്തരവ് പരസ്യമായി ലംഘിച്ചിട്ടുള്ളതാണെങ്കിൽ ഇത്തരത്തിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ